
# പനി; ബംഗാൾ

കെ. സച്ചിദാനന്ദൻ; കെ. ജി. എസ്.



പനി; ബംഗാൾ
K. Sachidanandan; K. G. S.
(Malayalam: Poems)

© 2020, K. Sachidanandan, K. G. S. respective poets
These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: How Many, How Many More, mixed media painting part by Nada Sehnaoui. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


കെ. സച്ചിദാനന്ദന്റെ 'പനി'
എന്ന കവിതയെക്കുറിച്ച് കെ. ജി. എസ്. . . . . 4


പനി . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 5

കെ. ജി. എസ്.-ന്റെ 'ബംഗാൾ'
എന്ന കവിതയെക്കുറിച്ച് കെ. സച്ചിദാനന്ദൻ . 6

ബംഗാൾ . . . . . . . . . . . . . . . . . . . . . . . . . . . . . . 7

# കെ. സച്ചിദാനന്ദന്റെ ‘പനി’ എന്ന കവിതയെക്കുറിച്ച്

## കെ. ജി. എസ്.



കെ. സച്ചിദാനന്ദൻ

എഴുപതുകളുടെ ആത്മതാപത്തിന്റെ കണിശമായ അങ്കനം, സച്ചിദാനന്ദന്റെ ‘പനി’. അധികാരഭീകരതയും അനീതിയും ആധിയും ആത്മവിമർശവും ക്ഷോഭവും വിപ്ലവ-പ്രത്യാശയും ഉള്ള് കടഞ്ഞിരുന്ന ഒരു ചരിത്രസന്ദർഭത്തിന്റെ അനുഭവപ്പൊരുൾ പുതപ്പും ബാൻഡേജും സാന്ത്വന ലേപനങ്ങളും മാറ്റി വെയിൽ കൊള്ളിക്കുന്ന കവിത. കൊച്ചുമകളുടെ പൊള്ളുന്ന പനിക്കിടക്കയിലിരുന്ന് കവിയായ അച്ഛനും കവിമിത്രവും സംസാരിക്കുന്നു. ഇത് ദുരിതങ്ങളുടേയും പടക്കോപ്പുകളുടേയും കാലം എന്ന് നന്നായറിയുന്ന രണ്ട് സമയജ്ഞർ. പ്രതീക്ഷാപ്രവർത്തകർ. സ്വാഭാവികമായും, തീവ്രമായും, അവരുടെ സംഭാഷണം കവിതയെപ്പറ്റിയാവുന്നു. വൻകരകളിൽ പടരുന്ന മാവോയുടെ ഭൂമി കുലുക്കുന്ന പാട്ടുകളേയും പാലസ്റ്റീൻ പോർവിമാനങ്ങളേയും മിസിസിപ്പിയുടെ കരിമ്പുലികളുടെ വരയൻ കവിതകളേയും പോരാട്ടങ്ങൾക്ക് മേൽ പെട്ടെന്ന് വീശിയ ഫാസിസ്റ്റ് കരിനിഴലിനേയും കുറിച്ചാവുന്നു. പ്രക്ഷോഭങ്ങളുടെ ലോകതാപത്തിലേക്കെത്തുമ്പോൾ ഉറക്കെയുറക്കെയാവുന്ന ആ സംവാദത്തിന്റെ ഒച്ചയ്ക്കൊരു പരഭാഗമുണ്ടാവുന്നു, സ്നേഹദൃഢമായ മൌനം. ഉറങ്ങുന്ന കുഞ്ഞിനെ ഉണർത്തരുതേ എന്ന അഭ്യർത്ഥനയുമായി മുറി നിറയുന്ന അമ്മയുടെ നീറുന്ന മൌനം. പനിക്കുന്ന കുഞ്ഞിനോട്ട്, സഹിക്കുന്ന ജീവനോട്ട്, കരുതൽക്കരുണ വേണമേ എന്ന് തീവ്രജാഗ്രരെ ഓർമ്മിപ്പിക്കുന്ന, അണുമാത്രമെങ്കിലും തിരുത്തുന്ന, പൂരിപ്പിക്കുന്ന, സ്നേഹവിവേകം ആ മൌനം. വീട്, കുഞ്ഞുങ്ങൾ... സ്വപ്നങ്ങളും പഴയ പ്രണയനാളുകളും അലിഞ്ഞാർദ്രയായ ആ അമ്മയുടെ അഭ്യർത്ഥന വാത്സല്യതരളമായ ഒരെളിയ പിൻവിളി. അനാദിയായ അമ്മപരമ്പര ഓരോ അമ്മയിലൂടെയും എന്നെന്നോ മുതൽ വിളിക്കുന്ന പിൻവിളി. വ്യവസ്ഥയിലേക്ക് വീട് പാകമാക്കുന്ന വാസനാകാന്തം. ഓർമ്മയും ഓർമ്മപ്പെടുത്തലുമായി ഓരോ അമ്മയിലും സജീവമായ കുടുംബ ബലതന്ത്രം.

സമയജ്ഞർ അത് ലംഘിച്ചു. ഉറക്കം കെടുത്തുന്ന ലോകകവിത ഉറക്കെയുറക്കെ ഓർത്ത് അവർ അന്യോന്യം സൂക്ഷ്മശക്തികളോളം ഉണർത്തി. പുതിയ പോർമുഖങ്ങളിലേക്കുള്ള മുൻവിളികൾ നിറഞ്ഞും, സ്നേഹം ഇക്കാണുന്നതൊന്നുമല്ലെന്ന് വീട്ടുസ്നേഹത്തെയും, കവിത ഇക്കാണുന്നതൊന്നുമല്ലെന്ന് നാട്ടുകവിതയേയും, അലകോടെ പിടിയോടെ പുതുക്കി ഉയർത്താമെന്ന് സ്വയം വിമർശനമായി അറിഞ്ഞും, വീട്ടിൽ നാടും നാട്ടിൽ വീടും വേരോടെ പുതുതാൻ പോകുന്ന ലോകനീതിയുടെ മഹാസ്നേഹത്തിൽ അന്വയിക്കാമെന്നുറപ്പിച്ചും, ആ ചരിത്രസന്ദർഭം സംവാദാത്മക ഭാവനയായി ഇരമ്പി നിറയുന്നു ‘പനി’യിൽ.

ഭിന്നവിതാനങ്ങളിലെ ആറ് അങ്കങ്ങളിൽ സംവാദവെളിവിൽ മുറുകുന്ന ‘പനി’. പഴയ ഭാവുകത്വത്തിന്റെ ചിതയിലെ ജ്വാലകൾ പോലെ പനിയിലെ മേലോട്ട് കുതിക്കുന്ന വരികൾ നവലോകം കണ്ടും കാണിച്ചും ഉയരുന്നു. വീട്ടിലെ പനിയുടെ അർത്ഥം ശരീരനിഷ്ഠമായ ദീനാർത്ഥം. നാട്ടിലെ ദീനകവിതയ്ക്കും ബാധകം ആ അവശാർത്ഥം; പാകം ആ രോഗശയ്യ. നടക്കാൻ, കുതിക്കാൻ, ഉയരാൻ, ദൂരം താണ്ടാൻ, ലോകത്ത് എന്ത് സംഭവിക്കുന്നു എന്നറിയാൻ, ആഴത്തിലേക്ക് ആണ്ടിറങ്ങാൻ, അന്തശ്ശക്തിയോടെ സംസാരിക്കാൻ, ഊർജ്ജസ്വലതയോടെ ലോകരുചിയിലേക്കുണരാൻ, പരിവർത്തിക്കാൻ, സജീവതയോടേ ധീരാർത്ഥങ്ങളിൽ പ്രവർത്തിക്കാൻ, വയ്യായ്ക. വത്സല പരിചരണത്തിന്റെ താരാട്ടിന് കാതോർത്ത് നിർവീര്യനിശ്ചലതയിലെ വീണ് കിടപ്പ്, രോഗിക്കും ദീനകവിതയ്ക്കും ചേരുന്ന ഒരേ ശൈശവശയ്യ. അവശപ്പൊരുത്തങ്ങൾ.

വീട്ടുനേരം ലോകകാലത്തിലേക്കുയരുന്നതോടെ കവിതയിൽ രോഗരൂപകമല്ലാതാവുന്ന പനി രോഷരൂപകമാവുന്നു. രാഷ്ട്രീയപ്രബുദ്ധമാവുന്നു. വീടിന്റെ വിശ്വപ്പടർപ്പ് പോലെ പനിയുടെ ലോകവ്യാപ്ത രൂപാന്തരം ദൃശ്യം നിറയുന്നു. മനുഷ്യർക്കും മരങ്ങൾക്കും മരുന്ന് വില്പനക്കാർക്കും നദികൾക്കും എല്ലാറ്റിനും ബാധിച്ച പനി, ദീനച്ചൂടല്ല, ക്ഷോഭച്ചൂടാണെന്ന്, ചരിത്രാവസ്ഥയാണെന്ന് വെളിപ്പെടുന്നു. ചരിത്രാവസ്ഥയുടെ ശരിയും വിശ്വാസ്യതയും പ്രസക്തിയും എത്രമേൽ സമഗ്രവും ആധികാരികവുമെന്ന് പ്രകൃതിയിലെ വന്യചിഹ്നങ്ങളിലൂടെ സാധൂകരിക്കുന്ന വരികൾ, ദുഃഖത്തെ എയ്തുവീഴ്ത്താനിറങ്ങിയ ധീരസന്നദ്ധതകൾക്ക് മേൽ ആഞ്ഞ് വീശിയ ദുരന്തഹിംസയുടെ കഴുകൻ നിഴലും കാണുന്നു. നീതിപ്പോരാട്ടങ്ങൾക്ക് മേൽ വീശുന്ന ഫാസിസ്റ്റുപതാക പോലെ വായനയിലതിന്റെ ഇരുൾധ്വനി പടരുന്നു. തിരിച്ചടികൾക്കും ചിതലുകൾക്കും പാരമ്പര്യത്തിന്റെ അലസമയക്കങ്ങൾക്കുമടിയിൽ പ്രതിരോധത്തിന്റെയും ഒപ്പം പ്രത്യാശയുടേയും കനൽ നീറിത്തെളിയുന്നു.

ചരിത്രം ഒഴുക്കിക്കൊണ്ടു പോയ അഴുക്കെല്ലാം വന്നടിഞ്ഞ് സ്നേഹയോഗ്യത കുറഞ്ഞ്, ചിതലരിക്കുന്ന ചെറിയൊരു തുരുത്തായി, ചുങ്ങിച്ചുരുങ്ങിപ്പോയ മഹാരാജ്യം കാണുന്നു. അതിലെ ജനനിബിഡതയിലെ നിർജ്ജനത കാണുന്നു. മനുഷ്യപ്രളയത്തിലെ മനുഷ്യത്വമില്ലായ്മ കാണുന്നു. രോഗഗ്രസ്തമായ സംസ്കാരം കാണുന്നു. മാലിന്യഗ്രസ്തമായ വിശുദ്ധി കാണുന്നു. ചിതയുടെ ആഴത്തിൽ ഭയപീഡിതമായ അസ്ഥികളുടെ നഗരം, മറവിയുടെ കുന്നുകൾ, പീഡിത ജീവന്റെ ലോകഭാഷ, ഇനിയും മിടിക്കുന്നുണ്ടോ എന്ന് ഉൽക്കണ്ഠപ്പെടുന്നു. നമ്മുടെ കവികളുടെയും കവിതകളുടെയും പ്രതിരോധ/ദർശന പരിമിതികളും പരാധീനതകളും ശീലപ്രാരാബ്ധങ്ങളും അറിയുന്നു. എവിടെ ശിരസ്സ് ഉന്നതവും മനസ്സ് നിർഭയമെന്നും കവിത ഊർജ്ജവസന്തമെന്നും കാണുന്നു. എവിടെയെല്ലാം എങ്ങനെയെല്ലാം പീഡനങ്ങൾ, അടിമത്തങ്ങൾ, ചൂഷണങ്ങൾ, നിന്ദകൾ, ഹിംസകൾ, തുടങ്ങിയ സഹനങ്ങൾക്ക് വിട പറഞ്ഞ് സമൂഹങ്ങൾ സമരസന്നദ്ധമാവുന്നു? എതിർക്കാനും ചെറുക്കാനും നീതി നേടാനും കുതിക്കുന്നു? പുതിയ ചിന്തകൾ, പ്രതിഷേധങ്ങൾ, രാജ്യങ്ങൾ, ഭൂഖണ്ഡങ്ങൾ, വിധേയവൈവശ്യം വിട്ട് വിപ്ലവവീര്യത്തിലേക്ക് ഉണർന്നെണീക്കുന്നു? മെരുങ്ങാത്ത മഹാനദികൾ പോലെ പോരാളികളുടെ കവിത കൂടുതൽ വെളിവിലും വ്യാസത്തിലും വിപ്ലവവ്യഗ്രമാവുന്ന നവചരിത്രവിസ്തൃതി കാണുന്നു. കവി/കവി സംവാദത്തിലെ ദേശക്കൂറിന്റെയും നീതിക്കൂറിന്റെയും ഒരു തീവ്രസന്ധിയിൽ ഈ കവിതയിൽ നിർണ്ണായക ചോദ്യങ്ങൾ വിളയുന്നു: എന്ത് കൊണ്ട് നമ്മുടെ കവിതയും കലാപോജ്ജ്വലവുമാകുന്നില്ല? പ്രക്ഷുബ്ധവും സ്വാതന്ത്ര്യശക്തവും ആകുന്നില്ല? എന്ത് കൊണ്ടത് ധീരതയുടെ ഭീകരസൌന്ദര്യത്തിന്റെ പുതുപ്പിറവിയാകുന്നില്ല? എന്ത് കൊണ്ടത് ദീനം പിടിച്ച പോലെ, പേടിച്ചരണ്ട പോലെ? വലിയ മാറ്റങ്ങളുടെ കാലത്ത് ഉത്തേജിതമായ ചോദ്യങ്ങളും കവിതയാവുന്നു. ആഴത്തിൽ അടഞ്ഞും തുറന്നും ഇടഞ്ഞും മെടഞ്ഞും വീണും വീണ്ടെടുത്തും ഉയർന്നും പടർന്നും എന്നും കവിതയുടെ പഥം. സർഗ്ഗാത്മകതയുടെ വഴി. ‘പനി’യിൽ താണും ഉയർന്നും കാണുന്ന താപനിലയുടെ വഴി. അതിജീവനത്തിന്റെ വെട്ടം പുരണ്ട വാക്കുകൾ വരുന്നു. വരിയും വഴിയും വരുന്നു. കവിത, നീതിസമരങ്ങളിലെ തീക്ഷ്ണമനുഷ്യത്വത്തിന്റെ ചരിത്രവും ചരിത്രമാപിനിയുമാവുന്നു.

ചരിത്രത്തിലേക്ക് കണ്ണോടാതെ ഒരു വാക്കുമില്ല ‘പനി’യിൽ. ഇരുണ്ടതും ഇടുങ്ങിയതും അടഞ്ഞതും ഭയവികലവും തന്നിൽ തുടങ്ങി തന്നിൽ കെട്ടൊടുങ്ങുന്നതുമായ വാക്കോ വരിയോ ഇഴയോ ഇടമോ ഇല്ലിതിൽ. കവിത ധീരശില്പമാകണമെന്നത് എഴുപതുകളുടെ അലിഖിത കാവ്യാനുശാസനം. സച്ചിദാനന്ദന്റെ പിൽക്കാല കവിതയിലെ ഉയർന്നടങ്ങി ഉയർന്നടങ്ങിക്കുതിക്കുന്ന ഉൾത്തിരകളുടെയും ബഹുസ്വരസംസ്കാരത്തിന്റെയും ബഹുതലശില്പത്തിന്റെയും നിബിഡതയുടെ നെടുംപകൽ പനിക്കുന്ന ആ സായാഹ്നം പ്രവചിച്ചു. മികച്ച കവിതകളിൽ സച്ചിദാനന്ദന്റെ കാവ്യശില്പം ആഴത്തിൽ വിപുലശ്രേണിയായ ഓർക്കെസ്ട്ര. ‘പനി’യിലത് വീടും ലോകവും നാട്ടുകവിതയും ലോകകവിതയും ഭയവും ഇച്ഛാശക്തിയും രോഗവും മുക്തിയുമൊരുക്കുന്ന സിംഫണി.

മമതയിൽ നിന്ന് നിർമ്മമപ്രബുദ്ധതയിലേക്കുള്ള മഹാപരിക്രമണത്തിന്റെ മൂല്യം വീണ്ടും നിർണ്ണയിക്കു എന്ന് ഭാവിയോട്ട് നിർദ്ദേശിച്ച് പനിക്കവിത ശമപര്യവസായിയാവുന്നു. പനി, സ്നേഹപ്പൊരുളാരായലിന്റെ കവിത; നീതിപ്പൊരുളാരായലിന്റെയും.


ഇന്ന്, കോവിഡ് 19 മഹാമാരിക്കാലത്ത് ‘പനി’ വായിക്കുമ്പോൾ ഇന്നത്തെ പലതും കവിത ഇന്നലേ കണ്ടോ എന്നൊരു വിസ്മയപ്പൊരി തിളങ്ങുന്നു. ചര്യയും ചലനവും ചിന്തയും ബന്ധവും പ്രതീക്ഷയും ഭാഷയുമെല്ലാം ആധിയാൽ പുനഃക്രമീകരിക്കപ്പെടുന്ന പ്രതിരോധഘടനയാണ് ഇന്ന് ലോകത്തിന്റെ ഭരണഘടന. ഇതേ ജാഗ്രതയുടെ താരതമ്യേന ലഘുഘടനയാണ് അരനൂറ്റാണ്ട് മുമ്പ് വേരിൽ ആധിവ്യാധികളും ശിഖരപ്പടർപ്പിൽ വിപ്ലവപ്രത്യാശയുടെ ആവേശാങ്കുരങ്ങളുമുള്ളൊരു കവിതയുടെ വീട്ടുപനിയിലും ലോകപ്പനിയിലും നാം കണ്ടത്. രോഗമോ ദുർവാർത്തയോ വിടുതൽപ്രത്യാശയോ ആയി പൂർണ്ണപരിചരണം കിട്ടാവുന്ന തരത്തിലായിരുന്ന വീട്ടിലേക്ക് പലപ്പോഴും ലോകത്തിന്റെ വരവ്. രോഗകേന്ദ്രിതമായ, ഒരു വികാര/വീക്ഷണ മണ്ഡലം, ജീവിതശൈലി, ഓരോ വീട്ടിലും രൂപം കൊള്ളുന്നു. അകലേക്കകലേക്ക് തനിയേ വലുത് വലുതായി വീണ്ടും തന്നിലേക്ക് സങ്കുചിതമായിക്കൊണ്ടിരിക്കുന്ന വിഭിന്ന ഭ്രമണപഥങ്ങളിലാണ് ഇന്നൊരു വീടിന്റെ മാനസ സഞ്ചാരം. സ്നേഹവാത്സല്യങ്ങളും ഭയോൽക്കണ്ഠകളുമായി മൌനച്ചുവട് വെച്ച് നിമിഷമളന്ന് പനിയളന്ന്, ദേഹമളന്ന്, കാലമളന്ന്, ലോകമളന്ന്, അംഗുലപ്പുഴു പോലെ ഇന്ന് ഓരോ വീടും ആരും കാണാതെ കിതയ്ക്കുന്നു. അത് കാണിക്കുന്നത് അറിവുകളുടെ ഉൾപ്പൊള്ളലിലെ ഞെട്ടിക്കുന്ന താപനില. ദശാംശ, ദേഹാംശ, ആത്മാംശ, അക്ഷാംശ, രേഖാംശ, മോഹാംശ, കാവ്യാംശ, തത്വാംശ, ശസൂക്ഷ്മതയോടെ ശുഭം പ്രവചിക്കാനാവാതെ തോറ്റമടക്കം. അന്ധപ്രവാചകർ ഇന്ന് മത/രാഷ്ട്രീയ/ശാസ്ത്ര ഇടവഴികളിലെ പുതിയ മൌനം. പ്രതിരോധം എന്നേക്കും തോറ്റെന്നല്ല. തോൽക്കുമെന്നുമല്ല. വഴിയായ വഴിയൊന്നും വിജയത്തിലേക്കുള്ള വഴിയല്ലെന്നൊരു തിരിച്ചറിവ്. പുതുവഴി കൂടിയേ കഴിയൂ എന്ന അറിവ്.

പനിമനസ്സ് ഓരോ അണുവും പിളർന്ന് വരുന്ന നരസിംഹരൂപമായിരുന്നു എഴുപതുകളിലെ പ്രത്യാശയിൽ ചരിത്രസത്യത്തിന്. ഓരോ പൊരിയും പിളർന്ന് വരുന്ന നാട്ടുതീ. ദുരന്തം ഇനിയൊരു കാവ്യരൂപമേയല്ല, അതൊരു ചരിത്രരൂപം. അതിനാൽ കവിതയ്ക്കിന്ന് ഇരുണ്ട കാലത്തെ ഉൾവെളിച്ചം കൊണ്ട് നേരിടുന്ന ചരിത്രവും ചരിത്രമാപിനിയുമാവാതെ വയ്യ. ഭൂമി കുലുക്കുന്ന പാട്ടുകൾക്ക് പകരം വൻകരകളിൽ ഭൂമി തേങ്ങുന്ന വിലാപങ്ങൾ നാളെ കേൾക്കാതിരിക്കാൻ.

ബാംഗ്ലൂർ.

# പനി

—കെ. സച്ചിദാനന്ദൻ



## ഒന്ന്

കൊച്ചുമകളുടെ പൊള്ളുന്ന പനിക്കിടക്കയിലിരുന്ന്
പനിക്കുന്ന സായാഹ്നത്തിൽ
ഞങ്ങൾ പതിനായിരം വർഷങ്ങളുടെ
ഉഷ്ണദൈർഘ്യത്തേയും
വൻകരകളിൽ പടരുന്ന ഭൂമികുലുക്കുന്ന പാട്ടുകളേയും[1]
സൂര്യനിലുരുക്കി വാർത്തെടുത്ത പാലസ്തീനിന്റെ
മദംപൊട്ടിയ പോർവിമാനങ്ങളെയും
ചിലിയുടെ തുടുത്ത ആകാശത്തിനും ഊറയ്ക്കിട്ട
കാറ്റുകൾക്കും കുറുകേ
പെട്ടെന്നു വീശിയ കഴുകൻനിഴലിനേയും
മിസ്സിസ്സിപ്പിയുടെ കരിമ്പുലികളുടെ
വരയൻകവിതകളെയും കുറിച്ച്
ഉറക്കെയുറക്കെ സംസാരിച്ചു.[2]
കുഞ്ഞിനെ ഉണർത്തരുതേ എന്ന
അഭ്യർത്ഥനയുമായി
അതിനെപ്പെറ്റവളുടെ നീറ്റുന്ന മൗനം
മുറി നിറഞ്ഞു നിന്നെങ്കിലും.

കൊച്ചുമകളുടെ പൊള്ളുന്ന പനിക്കിടക്കയിലിരുന്ന്.

## രണ്ട്

പനിയായിരുന്ന എല്ലായിടത്തും
മരുന്നുവില്പനക്കാരുടെ
നീളൻനാവുകൾപോലും നിലച്ചിരുന്നു
അവർക്കും പനിയായിരുന്നല്ലോ.

## മൂന്ന്

പനിക്കിടക്കയിൽ മുഖത്തോടുമുഖം
നോക്കിയിരുന്നപ്പോൾ
ആ പഴയ നാളുകളെക്കുറിച്ച് നീ
പിന്നെയും ഓർമ്മിപ്പിച്ചു:
വീട്, കുഞ്ഞുങ്ങൾ.
ആദ്യകാലസ്വപ്നങ്ങളുടെ അസ്പഷ്ടമർമ്മരം.

പക്ഷേ, ഞാൻ പറഞ്ഞു:
'നിർത്ത് ആ പഴയ പ്രണയകഥ
ഇത് ദുരിതങ്ങളുടേയും പടക്കോപ്പുകളുടെയും കാലം'.
'നീയൊരു തന്നിഷ്ടക്കാരനാണ്,
ക്രൂരതയിൽ കൊമ്പുമുളച്ച
കണ്ണു നെരിപ്പോടാക്കി കറപിറ എഴുതുന്ന
ഒരു താന്തോന്നി'.

—അതെ, നീയാണേറ്റവും നല്ല വിധികർത്താവ്,
എന്റെ കുട്ടികൾ എന്നെ വെറുക്കും.
നോക്ക്, അറിഞ്ഞെന്നു നടിച്ചവർ നടിക്കാൻമാത്രം
അറിയുന്നവരായിരുന്നു
പനിയായിരുന്ന എല്ലാറ്റിനും:
മനുഷ്യർക്കും മരങ്ങൾക്കും നദികൾക്കും എല്ലാം.

## നാല്

'എന്തുകൊണ്ട് നമ്മുടെ കവിതയും
പൊട്ടിത്തെറിക്കുന്ന കൃഷ്ണമണികളെപ്പോലെ
കറുത്തിരിക്കുന്നില്ല?
മെരുങ്ങാത്ത നയാഗ്രയെപ്പോലെ
വനത്തിന്റെ ആഴങ്ങളിൽ
സിംഹഗാനങ്ങളാലപിക്കുന്നില്ല?
മഴക്കാലത്തെ ആമസോണിനെപ്പോലെ
ഉറക്കമില്ലാതെ ചുവന്നു വീർത്ത
മുഖവുമായി കുത്തിയൊലിക്കുന്നില്ല?'
—മധുരം കുറഞ്ഞ കാപ്പി മോന്തുന്നതിനിടയ്ക്ക്
അവൻ ചോദിച്ചു.

എനിക്കൊന്നും പറയേണ്ടി വന്നില്ല,
ചുവരിൽ തൂങ്ങിയ ചിതൽ തിന്ന
ഭൂപടത്തിലേക്ക് കണ്ണയയ്ക്കുക മാത്രം;
ചരിത്രം ഒഴുക്കിക്കൊണ്ടുപോയ
അഴുക്കുകളെല്ലാം അടിഞ്ഞുകയറിയ
ആ ചെറിയ തുരുത്തിന്റെ
ജനനിബിഡമായ നിർജനതയിലേക്ക്.

ഇലകളിലിപ്പോഴും മഞ്ഞു വീഴുന്നുണ്ടോ
എന്നു ചോദിക്കുന്ന
അതേ ലാഘവത്തോടെ 'നീ ഇപ്പോഴും
ഈ നാടിനെ സ്നേഹിക്കുന്നുവോ'
എന്നു ഞാൻ തിരിച്ചു ചോദിച്ചു.
'...പക്ഷേ, ഈ ഇന്ത്യയെയല്ല, ഈ
എല്ലിൻതാഴ്വരയെയല്ല.'
ഈ ചിതയുടെ ആഴത്തിൽ,
അസ്ഥികളുടെ നഗരങ്ങൾക്കും
ഓർമ്മതെറ്റിയ കുന്നുകൾക്കും
കൊട്ടാരമണികൾക്കുമടിയിൽ ഇനിയും കനലുകളോ?

പൊള്ളുന്ന പനിക്കിടക്കയിലിരുന്ന്.

## അഞ്ച്

സ്നേഹം ഇക്കാണുന്നതൊന്നുമല്ല
കാട്ടുപന്നിയെ വേട്ടയാടാൻ കാടൻ കൂർപ്പിക്കുന്ന
കുന്തത്തിന്റെ മുനയിലെവിടെയോ ആണത്.
ഫ്യൂജിയാമയുടെ പനിക്കുന്ന
ആത്മാവിലെവിടെയോ,
അല്ലെങ്കിൽ, ആൽപ്സിൽ, എവറസ്റ്റിൽ,
ഗാഗുൽത്തായിലായിക്കൊള്ളട്ടെ[3]
ഈ തുവൽക്കണ്ണുനകൾ,
കിളുന്തു വിരലുകൾ, കൊച്ചുമുലഞെട്ടുകൾ,
ഹായ്, ഇതാണ് ഏറ്റവും സാന്ദ്രമായ വനം
ഏറ്റവുമുയർന്ന പർവതം, ഏറ്റവും കട്ടികൂടിയ സമുദ്രം?

കൊച്ചു മകളുടെ പൊള്ളുന്ന പനിക്കിടക്കയിലിരുന്ന്.
പനിക്കുന്ന സായാഹ്നത്തിൽ,

## ആറ്


കൊട്ടാരം വിട്ടിറങ്ങിത്തിരിക്കുന്ന
രാജകുമാരനെ
തിരിച്ചുവിളിക്കരുത്.
രോഗവും ദാരിദ്ര്യവും മരണവും
അവനെ ആൽചുവട്ടിലേയ്ക്കു
വിളിക്കുന്നുവെങ്കിൽ മാത്രം
ആ ആലിൻപൊത്തിൽ വിഷം പുരട്ടിയ
ഒരമ്പു കൊണ്ടുവച്ചേക്കുക:
ദുഃഖത്തെ എയ്തുവീഴ്ത്താനാവുന്നില്ലെങ്കിൽ
അവൻ അവനെത്തന്നെയെങ്കിലും എയ്തുവീഴ്ത്തി
ലോകത്തെ മുണ്ഡനത്തിൽനിന്നു മോചിപ്പിക്കട്ടെ.

(1973)

---

1. മാവോയുടെ രണ്ടു കവിതൾ: 'പാടുന്ന ഭൂമി കിടുകിടുക്കും/ഗാനങ്ങൾ ഈ നീൾത്തുരുത്തിലുള്ളോർ' ('ഭൂമി കുലുക്കുന്ന പാട്ടുകൾ') 'കറങ്ങീടുന്നു പാരും വാനവും, കാലം നമ്മെ/യിനിയും മുന്നോട്ടേക്കു തള്ളുന്നു; അതിദീർഘം/പതിനായിരം വർഷം; പൂർണ്ണമായ് തന്നേ നമ്മൾ/അതിനാലുപയോഗിക്കേണമീ ദിവസത്തെ' (ക്വോ-മോജോയ്ക്കു മറുപടി).
2. ഇസ്രായേൽ–ഈജിപ്ത് യുദ്ധവും, ചിലിയിലെ പട്ടാള അട്ടിമറിയും, ചിലി തുകലിനു പ്രസിദ്ധമായതിനാൽ 'ഊറക്കിട്ട കാറ്റുകൾ', 'വരയൻ കവിതകൾ' ബ്ലാക് പാന്തർ പ്രസ്ഥാനത്തിലെ നീഗ്രോ വിപ്ലവകവികളുടെ രചനകൾ.
3. ഫ്യൂജിയാമ; ജപ്പാനിലെ അഗ്നിപർവ്വതം, ആൽപ്സ്-യൂറോപ്യൻ ഗിരിനിര, ഗാഗുൽത്താ-യേശു ക്രൂശിക്കപ്പെട്ട മല.

# കെ. ജി. എസ്.-ന്റെ 'ബംഗാൾ' എന്ന കവിതയെക്കുറിച്ച് കെ. സച്ചിദാനന്ദൻ



കെ. ജി. എസ്.

എഴുപതുകളുടെ കവിത എന്ന് ലളിതവത്കരിക്കപ്പെട്ട വിളിക്കപ്പെടുന്ന കാവ്യപ്രവണതയ്ക്ക് തുടക്കം കുറിച്ച കവിതയാണ് കെ. ജി. എസ്സിന്റെ ബംഗാൾ. വലിയൊരു ക്യാൻവാസ് ആയതിനാൽ മഹാഭാരതത്തിലേയ്ക്ക് തിരിയുക സ്വാഭാവികമായിരുന്നു. ആധുനികകവിതയ്ക്ക് തുടക്കം കുറിച്ച അയ്യപ്പപ്പണിക്കരുടെ കവിതയുടെ ഒരു പ്രത്യാഖ്യാനം എന്ന നിലയിൽ കൂടി ഈ മഹാഭാരത പ്രവേശത്തെ കാണാം. ഒപ്പം തന്നെ ആസന്നമെന്നു (തെറ്റായി) ധരിക്കപ്പെട്ട വർഗ്ഗ സംഗരത്തിന് അനുയോജ്യമായ ഒരു രൂപകവുമായിരുന്നു കുരുക്ഷേത്രയുദ്ധം. ഇന്ന് അല്പം ഐറണിയോടെ മാത്രമേ ആ രൂപകത്തെ കാണാൻ വായനക്കാർക്കു കഴിയൂ എന്നു പറയാതെ വയ്യ. ധർമ്മയുദ്ധത്തിന്റെ പേരിൽ നടന്ന അധർമ്മങ്ങളെല്ലാം വർഗ്ഗയുദ്ധത്തിന്റെ പേരിലും നടന്നു എന്നും വിപ്ലവങ്ങളെല്ലാം, അവയുടെ ചോദന നൈതികമായിരിക്കെത്തന്നെ, നീതി വിരുദ്ധവും മനുഷ്യവിരുദ്ധവുമായ ഭരണവ്യവസ്ഥകൾക്കാണ് പിറവി നൽകിയത് എന്നും നമുക്കറിയാം. ബംഗാളിൽ ധൃതരാഷ്ട്രരുടെ സ്വഗതാഖ്യാനത്തിൽ നിറഞ്ഞു നിൽക്കുന്ന ഉപരിവർഗ്ഗത്തിന്റെ ഭീതിയിൽ അക്കാലത്തെ വിപ്ലവാഭിമുഖ്യമുണ്ടായിരുന്ന മദ്ധ്യവർഗ്ഗത്തിന്റെ ഭീതി കൂടി അബോധമായി കലർന്നിരിക്കുന്നു. ബംഗാൾ ഒരു ദീർഘ കവിതയുടെ ഒന്നാം ഭാഗമായാണ് പ്രസക്തി മാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ടത്. അതിന് ഒരു രണ്ടാം ഭാഗമുണ്ടായില്ല എന്നത് ഒന്നാം ഭാഗമുണ്ടായി എന്നത്ര തന്നെ പ്രധാനമാണ്. വിപ്ലവ പൂർവ്വകാലമെന്നു ആത്മാർത്ഥമായിത്തന്നെ ധരിക്കപ്പെട്ട ഒരു ഭ്രമാത്മക കാലത്തിന് ചേർന്ന ബിംബഭാഷ കണ്ടെത്തി എന്നതാണ് ബംഗാൾ എന്ന കവിതയുടെ പ്രാധാന്യം. അത് മലയാള കവിതയിൽ തികച്ചും പുതിയതായിരുന്നു. വിപ്ലവം സംഭവിച്ചില്ലെങ്കിലും ആ ഭീതിയിൽ ഒരു സത്യമുണ്ട്. അത് ഉപരിവർഗ്ഗത്തെ വേട്ടയാടിക്കൊണ്ടിരിക്കും, മർദ്ദനത്തിന്റെ പുതിയ അദ്ധ്യായങ്ങൾക്ക് പ്രേരണയായിട്ടാണെങ്കിൽ പോലും.

ഡൽഹി.

# ബംഗാൾ

—കെ. ജി. എസ്.



## ഇന്ത്യൻ അവസ്ഥ: ധൃതരാഷ്ട്രർ

ബംഗാളിൽ നിന്ന് ഒരു വാർത്തയുമില്ല.
ബംഗാളിൽ നിന്ന് മാത്രം
യാതൊന്നും അറിയുന്നില്ല.
യാതൊന്നും
ഒന്നും

എന്റെ മക്കളും ചെറുമക്കളും ബന്ധുക്കളും
അവിടെയാണ്.
പലതരക്കാരാണ് പണക്കാരാണ്
അവരവരുടെ കൊയ്ത്തും വേലയും
വേറെ വേറെ വിരുന്നുകാരും ആണ്
അതിരും അയലും കുശുമ്പും കൂടോത്രവും
അതിരിലെങ്ങും പക പതിയിരിക്കുന്ന
പിരിയൻ മാളങ്ങളും ആണ്.
ഓടിപ്പോയ പൂച്ചകളുടെ തല
ഒറ്റവെട്ടിന് വീശിയെടുത്ത്
പട്ടു മൂടി മന്ത്രം ചൊല്ലി കിണറ്റിൽ ഇട്ടു
നേരത്തോടു നേരം
കാലം ചട്ടി അരകല്ല് പത്തായം
തറവാടിന്റെ അടിത്തറ
കുലദേവത
വഴികൾ പുഴകൾ സൈന്യം നാട് നഗരം
എല്ലാം നടുവേ പിളർന്നവർ ആണ്
എന്തിനും തമ്മിൽ തല്ലാണ് കുരുതിയാണ്
കള്ളച്ചൂതും അജ്ഞാത വാസവുമാണ്
നടുവഴികളിൽ ചതി ചൊട്ടകൾ ആണ്
നാക്കിൽ ചോരക്കൊതിയാണ്
വാക്ക് വിഷപ്പൊതിയാണ്
പാർട്ടിക്കാരും ഗാന്ധിക്കാരും ആണ്
എന്റെ മക്കളും ചെറുമക്കളും ബന്ധുക്കളും-

സഞ്ജയാ, നീയെന്താണോർക്കുന്നത്?
ബംഗാളിൽ നിന്ന് ഒരു വാർത്തയുമില്ല
യാതൊന്നും അറിയുന്നില്ല

രാത്രി പുലർച്ച ഉച്ച സന്ധ്യ രാത്രി പുലർച്ച
ഉച്ച സന്ധ്യ രാത്രി രാത്രി രാത്രി
ഇതേ ഇരിപ്പാണ് ഞാൻ

യാതൊന്നും അറിയുന്നില്ല
യാതൊന്നും


വെള്ളി വാളും തിട്ടൂരവുമായി
അർദ്ധ രാത്രിയിൽ
ദൂതൻ കുതിരപ്പുറത്തു പറന്നെത്തുന്നില്ല.
കല്പ്പടികളിൽ ആഞ്ഞു ചവിട്ടി
ആരും ഓടിക്കേറി വരുന്നില്ല
ഒന്നും ഉണർത്തിക്കുന്നില്ല
കൽപ്പനകളില്ല, പടയോട്ടങ്ങളില്ല,
വിജയാഘോഷങ്ങളില്ല

കാലം പഴയതല്ല
വിട്ടുവീഴ്ചകളില്ല
ചോരയ്ക്ക് ചോര തോക്കിനു തോക്ക്
ധൈര്യത്തിന് ധൈര്യം
കാലം പഴയതല്ല. ചുട്ടു വേനലാണ് കലിയാണ്
ഒരു പക്ഷെ ഇതായിരിക്കാം
കവി പറഞ്ഞ ആ ക്രൂരകാലം.[4]

സഞ്ജയാ,
അകത്തെ മുറിയിൽ ആരോ തേങ്ങുന്നു
അകലെ ആരോ അലമുറയിടുന്നു
ആകാശത്തിലും ഭൂമിയിലും ഭയം മുഴങ്ങുന്നു

സഞ്ജയാ, നീ എന്താണ് ഓർക്കുന്നത്?
അവ്യക്ത ശബ്ദങ്ങൾ
ഏകാന്തത കൊണ്ടുവരുന്നു
ഏകാന്തത മൌനം കൊണ്ടുവരുന്നു
മൌനം നിന്നെ ദൂരേക്ക് കൊണ്ടുപോകുന്നു...

ബംഗാളിന് ചുറ്റും കടലാണ്
നദീതട സംസ്കാരങ്ങൾ അവിടെയാണ്
നഗര പരിഷ്കാരങ്ങൾ അവിടെയാണ്
പ്രഭുക്കൾ ഭൃത്യർ നൂറ്റാണ്ടുകൾ
മഹായുദ്ധങ്ങൾ ചുഴലികൾ
മലംപാതകളുടെ ഇരുണ്ട തണുത്ത ദൂരങ്ങൾ
മന്ദഹാസത്തിൽ പതിയിരിക്കുന്ന ദംഷ്ട്രകൾ
എല്ലാം അവിടെയാണ്
എന്റെ മക്കളും ചെറുമക്കളും ബന്ധുക്കളും
അവിടെയാണ്.
നമ്മുടെ ഈ വിരൂപങ്ങൾ
വിരുദ്ധവാക്കുകൾ പേക്കിനാവുകൾ
വിചാരണ ശിക്ഷ
സൈബീരിയയ്ക്ക് നാട് കടത്തൽ കഴുമരം
ഡോക്ടർ ആരാച്ചാർ
പ്രളയം നോഹ മനു
എല്ലാം അവിടെയാണ്
അവിടെത്തന്നെ ആണ്, അവിടം തന്നെ ആണ്



ഇഷ്ടപ്പെട്ട കവിതകൾ പകർത്തി എഴുതിസൂക്ഷിക്കുന്നത് എഴുപതുകളിലെ പല യുവാക്കളെയും പോലെ വി. മോഹനന്റെയും ഒരു പ്രിയ പതിവ് 'ബംഗാളി'ലെ അന്ധത ഭാവിക്കുന്ന പുതിയ ധൃതരാഷ്ട്രരെ വി. മോഹനൻ വരകളിലും എഴുതിയിട്ടുണ്ട്.

ബംഗാളിന്റെ രഹസ്യം മനസ്സിലാകുന്നതേയില്ല
യാതൊന്നുമറിയുന്നില്ല

സഞ്ജയാ
ഇലകൊഴിച്ചിലിന്റെ ഈ കാലം
വൃക്ഷത്തടങ്ങളിൽ കരിയില കൂട്ടുന്ന
ഈ കാലം,
ചുട്ടവേനൽ,
എനിക്കിത് വല്ലാത്ത പേടിയുണ്ടാക്കുന്നു
കീഴിൽ കുപ്പിച്ചില്ലും പാമ്പും
ഇപ്പോഴും കണ്ടില്ലെന്ന വരാം
പക്ഷെ, കരിയില, കെട്ടതികൾ പെറ്റുകൂട്ടുന്ന
വിശപ്പിന്റെ തള്ളപ്പിശാച് ആണ്
കാത്തു കിടക്കുകയാണ്
നിസ്സാരമായ ഒരു കാറ്റതിയാൽ
കരിയിലകൾ ആർത്തുണരും
ആരും ശ്രദ്ധിക്കില്ല
പെട്ടെന്ന് സംഘടിക്കും
ഭയങ്കരമായ ചുഴലിയുണ്ടാകും
എല്ലാം അട്ടിമറിക്കും
വൃത്തികെട്ട കുഴികളിൽ
തണ്ട തണ്ടത്തു ചിതറിക്കിടക്കുന്ന
ഈ കിടപ്പുണ്ടല്ലോ, അത് വിശ്വസിച്ചുകൂടാ;
ഓർക്കാപ്പുറത്ത് ചുഴലി പൊങ്ങും
വഴി തടയുന്ന കൂറ്റൻ പർവതങ്ങളെ ഞെരിച്ചമർത്തും
എനിക്കറിയാം

ഈ വേനലിന്റെ രൂക്ഷമായ രഹസ്യസ്വപ്നം
ഇത് ഭൂമിയെ തരിശാക്കുന്നു.
വൃദ്ധയെ പോലെ വിഫലയാക്കുന്നു
വെയിലത്തെ തെണ്ടിയുടെ മുഖം പോലെ
ഈ നിലം ആഴത്തിലേക്ക് വിണ്ടതാകുന്നു
വരണ്ടതാകുന്നു
മൂകമാകുന്നു
തുറിച്ചു നോക്കുന്നു
ശ്രദ്ധാത്മാക്കൾ പരിഭ്രമിക്കുന്നു
കറുപ്പ് ചുറ്റി കണ്ണ് മൂടി മരണപ്പാട്ട് പാടുന്നു
സിസിഫസിന്റെ കല്ലേറ്റുവാങ്ങുന്നു
വെറുതെ വെറുതെ എന്ന്
വ്യർത്ഥ വേദത്തിന്റെ പേ തുപ്പുന്നു

സഞ്ജയാ, നീ കണ്ടതാണ് ശരി
ഈ വിള്ളലുകൾ നിർവാസ്ലിതന്മാർക്ക് കൂടല്ല
പരാജിതന് ഭൂമി തുറന്നു കൊടുത്ത ശവപ്പെട്ടിയല്ല
കമഴ്ന്ന കിടന്നു
ഈ വിള്ളലുകളിൽ കാതു ചേർക്കുന്നു
കറുത്ത കട്ടികൾ
തുടരെ കേൾക്കുന്ന കനത്ത കാലൊച്ച
ചരിത്രത്തിന്റേതാണ്
ആഴത്തിലൂടെ കുതിച്ചെത്തുന്ന ചുഴലിയുടെതാണ്
കണ്ണിൽ മിന്നൽപ്പാട്ടുള്ള ആ രക്ഷസ്സിന്റെതാണ്.
നീ പറഞ്ഞതാണ് സത്യം:
ഈ കട്ടികളുടെ പുത്തൻ പാട്ടിൽ തീയുണ്ട്

പക്ഷെ സഞ്ജയാ, കട്ടികളോട്ട് പോലും
എനിക്കെന്തോ പേടി തോന്നുന്നു
ഈ വേനൽ എന്നെ തിന്നു തീർക്കുന്നു
ഇല കൊഴിച്ചിലിന് വേഗമിരട്ടിക്കുന്നു
പൊടി പൂണ്ട തീക്കാറ്റുയരുന്നു
ഉയരെച്ചുണ്ടുന്ന കൂർത്ത ചുള്ളിക്കമ്പുകൾക്ക് കീഴിൽ
കരിയിലകളുടെ ശക്തി കൂടിക്കൊണ്ടിരിക്കുന്നു
പുറമേയുള്ള ഈ തണുപ്പൻ മട്ടു
വിശ്വസിക്കാനേ വയ്യ
നീ പറയാറുള്ളതുപോലെ
അടിത്തട്ടിലൂടെ അത് രഹസ്യമായി മുന്നേറും
നാം കാണുന്ന പാദങ്ങൾക്കും
പാതകൾക്കും അടിയിലൂടെ
നമ്മുടെ ക്രമങ്ങൾക്കും കണക്കുകൾക്കും അടിയിലൂടെ
നവീനവും ശക്തവും ആയൊരു
അവബോധം പോലെ
രഹസ്യമായി മുന്നേറും, രഹസ്യമായി
എനിക്കാകെ പേടി തോന്നുന്നു.

എന്റെ മക്കളും ചെറുമക്കളും ബന്ധുക്കളും
ബംഗാളിൽ ആണ്
ബംഗാളിൽ നിന്നുമാത്രം ഒന്നും അറിയുന്നില്ല

ഒരിക്കൽ
തീർത്ഥാടനം കഴിഞ്ഞു പ്രഭുക്കന്മാരുടെ ഒരു സംഘം
കാളിഘട്ടിലൂടെ കഥകൾ പറഞ്ഞു
ആർത്തട്ടഹസിച്ച വരികയായിരുന്നു
പെട്ടെന്ന് തെരുവിൽ ചുഴലി പൊങ്ങി
ഓടയിൽ നിന്നാരംഭിച്ച ചുഴലി
തെരുവുകൾ ആശുപത്രികൾ ജലസംഭരണികൾ
റേഡിയോ നിലയം—നഗരം മുഴുവൻ
തല്ലിത്തകർത്തു
അന്നത്തെ വീരലാൽ ചക്രവർത്തിയെ
സിംഹാസനത്തോടെ തട്ടിക്കൊണ്ടു പോയി
ചുഴലി കഴിഞ്ഞപ്പോൾ രാജ്യം
വേരോടെ മാറിപ്പോയിരുന്നു
ഭരണം നിയമം മര്യാദകൾ
രാപ്പകലുകൾ
—ആകെ പുത്തൻ
ഏറ്റവുമൊടുവിലാണ് പഴയ ആളുകൾക്ക്
മനസ്സിലായത്
വിദൂര ഗ്രാമങ്ങളിലെ ദരിദ്ര കർഷകരുടെ
ഉഗ്രശാപത്തിൽ നിന്നാണ്
ചുഴലി പൊട്ടിപ്പുറപ്പെട്ടതെന്നു.
എന്നല്ല, ഇത്തരത്തിലും
ചുഴലി സംഭവിക്കാമെന്നു പോലും.
അപ്പോഴേക്കും കവികളും ബുദ്ധിജീവികളും
അതേ പറ്റി ധാരാളം എഴുതിക്കഴിഞ്ഞിരുന്നു
പ്രഭുക്കന്മാരിൽ ചിലരുടെ ദേഹങ്ങൾ
നഗരത്തിൽ നിന്നും വളരെ അകലെ കാട്ടിൽ
ഏതോ മുള്ളുമരങ്ങളിൽ കുരുങ്ങിക്കിടന്നു
ചക്രവർത്തിയുടെ തല
ഗംഗയിലെ ഒരു മുക്കുവന്റെ വലയിൽ കൊരുത്തു

സഞ്ജയാ, എനിക്കൊരു സുഖവും തോന്നുന്നില്ല
കാളിഘട്ടിലൂടെ ഇന്നെന്റെ മക്കളും ചെറുമക്കളും
തീർത്ഥാടനത്തിനു പോകും;
ചിരിച്ചു രസിച്ചു തിരിച്ചുപോരും:
എനിക്കൊന്നും ഊഹിക്കാനേ കഴിയുന്നില്ല.
ഇലകൊഴിച്ചിലിന്റെ ഈ കാലം
എനിക്ക് സുഖം തരില്ല
ഉറ്റവരുടെ മരണ വാർത്തയുമായി
ആരോ ഓടിക്കിതച്ചു വരുന്നെന്ന
വിചാരമാണെപ്പോഴും
എല്ലാവരും ദൂരെയാണ്
ഞാനിവിടെ ഈ വെയിലിൽ കെട്ടിയിടപ്പെട്ടവനാണ്
സ്വാതന്ത്ര്യം മോഷ്ടിക്കപ്പെട്ടവനാണ്
സുഖമനുഭവിക്കാൻ ശക്തിയില്ലാത്തവനാണ്.
ഇവിടം തരിശാണ്
—എല്ലാം ദുരൂഹവും ഭീകരവുമായിരിക്കുന്നു

ഇരുട്ടിനേക്കാൾ വ്യാഖ്യാന ദുഷ്കരം
ഈ തീവെയിലാണ്
ഇവിടെ ഓരോ അണുവും ഓരോ സൂര്യനായി
എന്നെ ദഹിപ്പിക്കുന്നു

സഞ്ജയാ ഇക്കാലത്ത് നിന്റെ വാക്കുകൾ
ഞാൻ പെട്ടെന്ന് മറന്നു പോകുന്നു
പഴയ ഉത്തരത്തിൽ ധ്യാനിച്ചിരിക്കുന്ന
ഗൌളിയുടെ പ്രവചനങ്ങളോട് എനിക്കിഷ്ടം കൂടുന്നു
ധ്രുവങ്ങളുടെ ആഴവും
അവയുടെ ദുരന്ത പ്രസക്തിയുമറിഞ്ഞ പ്രവാചകൻ-
ആദ്യത്തെ ഉത്തരത്തിൽ തന്നെ
ഭൂമികുള്ളിലെ ഭീമകാന്തത്തിന്റെ സ്ഥൈര്യം കണ്ടു
എത്രയും വേഗം അതിൽ തന്നെ
അതായി തന്നെ കിടപ്പുറപ്പിച്ചു
തുടർച്ചയുടെ പുത്തൻ അധ്യായങ്ങളിൽ
വാൽ കൈകാൽ
തല ഇമ കൃഷ്ണമണി നോട്ടു കാഴ്ച ഓർമ്മക്കണക്കുകൾ
എന്നീ വിശദാംശങ്ങൾക്ക് പോലും കൃത്യം തെറ്റാതെ
അവസ്ഥാ ഭേദങ്ങൾക്കെതിരെ
ധ്യാനത്തിന്റെ കർശനമായ പ്രതിരോധം ധരിച്ച്
ഇടറാതെ തുടരുന്നു
ഈ പ്രവചനങ്ങളോടെനിക്കിഷ്ടം കൂടുന്നു
പാട്ട് കൊണ്ട് ചൂട്ടു കെട്ടി
രാജാക്കന്മാരുടെ മുഖത്തു കുത്തണമെന്നു
ഇന്നലെ സന്ധ്യക്ക് നീ കവികളോടു പ്രസംഗിക്കുന്നത്
ഞാൻ കേട്ടു

സഞ്ജയാ, ഈ വേനൽ പോലെ
ഇലകൊഴിച്ചിലിന്റെ ഈ ദുഷ്കാലം പോലെ
പ്രതിസന്ധി പോലെ
എന്നെ കുത്തിനോവിക്കുന്ന
നിന്റെ കൂട്ടത്ത ശരികളിലെ
തീക്ഷ്ണമായ പ്രകാശത്തെക്കാൾ
ഈ പ്രവചനങ്ങളുടെ സംഘർഷമറ്റ
അരണ്ട പ്രശാന്തത
എന്നെ പിടിച്ചടക്കുന്നു
നമ്മുടെ ബന്ധം എവിടെയോ വേരറ്റു പോകുന്നു
എന്റെ കാഴ്ച ഇരുളുന്നു
ഇപ്പോൾ ഇവിടിരുന്നു എനിക്ക് കാണാവുന്നത്
എത്രയോ ചുരുക്കം മാത്രം:

തീവണ്ടിയുടെ ഈ മുറിക്കകം മാത്രം
ജനലിലൂടെ ഇതിന്റെ വലതു ഭാഗത്ത്
മരണം നിറഞ്ഞ പർവ്വതങ്ങൾ മാത്രം
കാട്ടുതീയിൽ വെന്തു പോയ അരുവികളുടെയും
കോലാടിൻ പറ്റങ്ങളുടെയും
മെലിഞ്ഞു കൂർത്ത അസ്ഥി കൂടങ്ങൾ മാത്രം
പടയോട്ടത്തിൽ തകർന്ന
പാലങ്ങളുടെയും തറവാടുകളുടെയും
മുറിഞ്ഞു വീണ കൈയും കാലും
അശോകചക്രം ചത്തുന്തിയ കണ്ണും മാത്രം
അറ്റ് തെറിച്ച കതിരത്തല മാത്രം
ആശുപത്രി വാർഡിൽ
എന്റെ കുഞ്ഞിന്റെ
കിടപ്പ് മാത്രം
ഗാന്ധിത്തൊപ്പിയുടെ വികൃതമായ പിൻഭാഗം മാത്രം
ജനലിലൂടെ ഇതിന്റെ ഇടതു ഭാഗത്ത്
കടലിന്റെ ഈ എന്നും ശവമടിയുന്ന തീരം മാത്രം
കടലിടുക്കും കെട്ടുപോയ ദീപസ്തംഭവും
കാണാതായ കാവൽക്കാരനും മാത്രം
ഒറ്റപ്പെട്ട പുരാതന നാവികൻ മാത്രം
കണ്ണ് കത്തുന്ന ഈ മരുഭൂമിയിൽ
എന്റെ ഒട്ടകം മാത്രം
—അതും ഭീകരമായി തലയുയർത്തി
ദൂരേയ്ക്ക് നടന്നകലുന്നു

സഞ്ജയാ, അതിനപ്പുറം എനിക്ക് കാഴ്ചയില്ല
നീ പറയുന്ന വിശപ്പിന്റെ കൈയിലെ വിലങ്ങുകൾ
തഴമ്പ് മൂടി മറഞ്ഞു പോയ ഭാഗ്യരേഖ
ഒഴിഞ്ഞ അലുമിനിയ പാത്രം
ആ മുതുകിൽ എന്റെ മുത്തച്ഛന്റെ
പേര് പൊള്ളിച്ച പാടുകൾ
ഉന്തിയ നെഞ്ചുകൾ
—അവിടെ തറഞ്ഞിരിക്കുന്നെന്നു
നീ ശപിക്കുന്ന എന്റെ പാദങ്ങൾ
കവിളിൽ ഇരുന്നു കണ്ണിനെ തിരിഞ്ഞു നോക്കുന്ന
കണ്ണുനീർ
—ഒന്നും ഇല്ല ഇല്ല സത്യം, ഞാൻ കാണുന്നതെയില്ല
നേര് പറയാം, അവരെ ദൂരെ കാണുമ്പോഴേ
എന്റെ ഉള്ളിൽ തീ പായും:
അവർ കരിയിലകൾ ആണെന്ന്
പിശാചുക്കൾ ഭയങ്കരമായ ചുഴലി ഉണ്ടാക്കുമെന്ന്
മുള്ളുമരങ്ങളിൽ എന്റെ മക്കളെ കുരുതി തൂക്കുമെന്ന്
മുക്കുവന്റെ വലയിൽ എന്റെ തല
കൊരുത്തെടുക്കുമെന്ന്.
സഞ്ജയാ അന്ധത ഒരു ഉത്തമ കവചമല്ലാതായി

സഞ്ജയാ
മണ്ണിൽ ഇഴയുന്നവയുടെ ഓളങ്ങൾ തേടുന്നത്
എന്താണ്?
സ്വന്തം ഉടൽ വിട്ടു വേറെ ഒരഭയം അല്ലേ?
എന്റെ തൃഷ്ണയും അതാണ്
ഞാൻ മറ്റൊരാൾ ആയിരുന്നെങ്കിൽ

സഞ്ജയാ
എനിക്കൊരു സംശയം തോന്നുന്നു
അതാ ഗ്രാമങ്ങൾക്ക് മുകളിൽ
ചുഴി പിരിച്ചു ചുഴലി പൊങ്ങുന്നു
ആ മുതുക്കി പിശാചിന്റെ വാരിയെല്ലുകളുമായി
കരിയിലകൾ അഹങ്കരിക്കുന്നു
അവ ഒരിക്കൽ വീണടിഞ്ഞവ
ചുഴലിയുടെ ശിഖരങ്ങളിൽ വീണ്ടും വിരിയുന്നു
അഗ്നി പൂത്തു ഭയം വീശി
വൃക്ഷാസുരനായി വിപത്ത് കായ്ക്കുന്നു
നിയമങ്ങളെ ധിക്കരിക്കുന്നു
സർക്കാരിന്റെ ക്ലോക്കുകൾ വെട്ടിപ്പൊളിക്കുന്നു
ജയിലുകൾ കുത്തിത്തുറക്കുന്നു
പഴയ കോണിപ്പടികൾ പിരിച്ചൊടിക്കുന്നു
നദികൾ നടപ്പാതകൾ റെയിൽപ്പാളങ്ങൾ
എല്ലാം കുരുങ്ങിപ്പൊട്ടുന്നു
സംഹാരിയുടെ രൌദ്ര രൂപം
ആകാശത്തിൽ വളർന്നു നിറയുന്നു

വഴികളുടെ കാണാത്ത തുടർച്ചയിലൂടെ, അർദ്ധ
രാത്രിയിൽ
മന്ത്രവിളക്ക് വീശി വേഗം വേഗം
നടന്നു പോവുന്നത് ആരാണ്?
അടിത്തട്ടിലൂടെ രഹസ്യമായി മുന്നേറുന്നതാരാണ്?
ഈ പിള്ളേരുടെ പാട്ടിലെ കൊടുങ്കാറ്റ് ആരാണ്?
തീയാരാണ്?
ബംഗാളിന് കുറുകെ മൂന്നടിവച്ചു
രാജാവിന്റെ തലയിൽ തൊഴിക്കാൻ
ആഞ്ഞടുക്കുന്നത് ആരാണ്?

എനിക്കൊന്നും മനസ്സിലാകുന്നില്ല
സംശയങ്ങളും സങ്കടങ്ങളും മാത്രം
പത്രം റേഡിയോ ടെലിവിഷൻ
ആരും നേര് പറയുന്നില്ല
അവിടെ എന്തോ നടക്കുന്നുണ്ട്—കാലം പഴയതല്ല
രാജ്യത്തിന്റെ നിലവറയിൽ കാളിയുണ്ട്, കരിങ്കാളി
തേറ്റയുണ്ട് നഖമുണ്ട് തീവാളുണ്ട് തീരാക്കോപമുണ്ട്
ബംഗാളിൽ നിന്നൊരു വാർത്തയുമില്ല
അവിടെയെന്തൊക്കെയോ നടക്കുന്നുണ്ട്
ആരൊക്കെയോ കൊല്ലുന്നുണ്ട്
ആരൊക്കെയോ ചാവുന്നുണ്ട്
പട്ടിണി കുത്തിക്കൊല്ലുകയാവും
അല്ലെങ്കിൽ കഴുത്തറുത്തു തല ഗേറ്റിൽ തൂക്കുകയാവും
മുള്ളുമരങ്ങളിൽ കുരുക്കുകയാവും
അല്ലെങ്കിൽ ലോക്കപ്പിലിട്ടു ഞെരിക്കുകയാവും
അല്ലെങ്കിൽ യുദ്ധമായിരിക്കും
ബോംബിട്ടു കൊല്ലുകയാവും
അല്ലെങ്കിൽ ഭയങ്കര ചുഴലിയായിരിക്കും
വൃക്ഷങ്ങളും കെട്ടിടങ്ങളും തമ്മിൽ തല്ലി
തല തല്ലി പൊട്ടി ചിതറി
ഭൂമിയിലെ വഴിച്ചാലുകൾ
എല്ലാം മറഞ്ഞു പോവുകയാവാം
അല്ലെങ്കിൽ പ്രളയമായിരിക്കും
എല്ലാവരും മുങ്ങിച്ചത്തു
വെളുത്തുവീർത്തു പൊന്തുകയാവാം
കേട്ട വാർത്തകൾ ഭീകരം
കേൾക്കാത്തവ അതിഭീകരം
സഞ്ജയാ എന്താണവിടെ നടക്കുന്നത്?
എന്താണ് എന്താണ്?

---

4. (1) ടി എസ് എലിയറ്റ് – തരിശു ഭൂമി.
(2) അതിക്രൂരമായ ഒരു കാലമാണിതും. ഭയം കൊണ്ട് കേട്ട് കേൾവി നാം വിശ്വസിക്കുന്നു. ഭയപ്പെടേണ്ടതു് എന്തിനെ ആണെന്ന് നമുക്ക് വ്യക്തവും അല്ല. (വില്യം ഷേക്സ്പിയർ – മാക്ബത്ത്).

ചിത്രങ്ങൾ: വി. മോഹനൻ

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014